പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1634 18/06/2012 - ൽ മറുപടിക്ക്

മത്സ്യമേഖല റോഡുകളുടെ നവീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി മേഖലയിലേക്കുള്ള റോഡുകൾ നവീകരിക്കുവാൻ ഫിഷറീസ് വകുപ്പിന് പദ്ധതിയുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | ഫിഷറീസ് വകുപ്പിന് 2009-10 മുതൽ തീരദേശ റോഡുകളുടെ നവീകരണത്തിനു പദ്ധതിയുണ്ട്. ഇതിനു മാത്രമായി പ്രത്യേക ശീർഷകം അനുവദിക്കുകയും (UCR) 4405-00-800-80) ടി ശീർഷകത്തിൽ ഉൾപ്പെടുത്തി 2009-10 ൽ 40 കോടി രൂപയും, 2010-11 ൽ 35 കോടി രൂപയും, 2011-12 ൽ 48.65 കോടി രൂപയും, 2012-13 ൽ 55 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശ റോഡുകളുടെ നവീകരണത്തിനായി വിവിധ ജില്ലകളിലായി 268 റോഡുകൾക്ക് ഇതുവരെ 7693.65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇതിൽ 5 റോഡുകളുടെ പ്രവൃത്തി പൂർത്തിയാവുകയും 93 റോഡുകളുടെ പ്രവൃത്തി പുരോഗമിക്കുകയും ചെയ്തു വരുന്നു. ഭരണാനുമതി നൽകിയ ബാക്കി പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ